**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ പെർഫോർമൻസ് ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ- അട്ടപ്പാടി ട്രൈബൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ.കെ ഷൗക്കത്തലി,,ശ്രീ.വി.എസ് സന്തോഷ് കുമാർ, എന്നിവർക്കെതിരേയുള്ള അച്ചടക്ക നടപടി -ഔപചാരികാന്വേഷണം- ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ശ്രീ.കെ.രാജേന്ദ്രനെ അന്വേഷണോദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ്(സാധാ)നമ്പർ.834 /2017/തസ്വഭവ, തിരുവനന്തപുരം, തീയതി, 23.3.2017

---

പരാമർശം :
1. 19.4.2012 തീയതിയിലെ 14183/എ.എ 2/2012 /തസ്വഭവ നമ്പർ സർക്കാർ കത്തും പെർഫോർമൻസ് ഓഡിറ്റ് ടീമിന്റെ അന്വേഷണ റിപ്പോർട്ടും.
2. ഗ്രാമവികസന കമ്മീഷണറുടെ 21.2.2012,02.9.2013. 20/02/2017 എന്നീ തീയതികളിലെ 14976/എസ്റ്റാ.എ 3/09 നമ്പർ കത്തുകൾ.
3. ശ്രീ.കെഷൗക്കത്തലി,,ശ്രീ.വി.എസ്സന്തോഷ് കുമാർ, എന്നിവർക്ക് സർക്കാരിൽ നിന്നും നൽകിയ 03.12.2012 ലെ 57463/ഇ.ആർബി1/ 2012/തസ്വഭവ നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും .
4. ശ്രീ.കെഷൗക്കത്തലി, ശ്രീ.വി.എസ് സന്തോഷ് കുമാർ എന്നിവരുടെ 15.4.2013, 22.4.2013 തീയതികളിലെ പ്രതിവാദ പത്രികകൾ .

**<u>ഉത്തരവ്</u>**

അട്ടപ്പാടി ട്രൈബൽ ബ്ലോക്ക് പഞ്ചായത്തിൽ പെർഫോർമൻസ് ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ ട്രൈബൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ.കെഷൗക്കത്തലി, ശ്രീ.വി.എസ്.സന്തോഷ് കുമാർ, എന്നിവരെ കുറ്റക്കാരായി കണ്ടെത്തുകയും ടിയാളുകൾക്ക് 1960 ലെ കെസി.എസ് (സി.സി.എ) ചട്ടം 15 പ്രകാരം സർക്കാരിൽ നിന്നും കുറ്റപത്രവും കുറ്റാരോപണപത്രികയും നല്കുകയുമുണ്ടായി. പരാമർശം (4) പ്രകാരം ടി ഉദ്യോഗസ്ഥർ പ്രതിവാദ പത്രികകൾ സമർപ്പിച്ചു ശ്രീ.കെഷൗക്കത്തലി, ശ്രീ.വി.എസ്.സന്തോഷ് കുമാർ, എന്നിവർ കുറ്റം നിഷേധിച്ചു. മേൽ സാഹചര്യത്തിൽ ശ്രീ.കെ ഷൗക്കത്തലി, ശ്രീ.വി.എസ്.സന്തോഷ് കുമാർ, എന്നിവർക്കെതിരെ 1960 ലെ കെസി.എസ് (സി.സി.എ) ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡിഷണൽ ഡെവലപ്മെന്റ് കമ്മീഷണർ

ശ്രീ.കെ.രാജേന്ദ്രനെ അന്വേഷണ ഉദ്യാഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു. അന്വേഷണ ഉദ്യാഗസ്ഥൻ അന്വേഷണം നടത്തി ഒരു മാസത്തിനകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീ.സന്തോഷ് കുമാർ എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.കെ.രാജേന്ദ്രൻ, അഡിഷണൽ ഡെവലപ്മെന്റ് കമ്മീഷണർ
ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം ( ഗ്രാമവികസന കമ്മീഷണർ മുഖേന)
.കെഷൗക്കത്തലി, ശ്രീ.വി.എസ്.സന്തോഷ് കുമാർ, എന്നിവർക്കെതിരെയുള്ള കുറ്റപത്രവും കുറ്റാരോപണപത്രികയും, ടി ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകൾ എന്നിവ സഹിതം)

ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വകുപ്പ്
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ